# കാലത്തിന് മുറിവേൽപ്പിക്കുന്ന

# ഭോപ്പാൽ

■ വി. രാജഗോപാൽ

ദുരന്തങ്ങൾ അങ്ങനെയാണ്. നിശ്ശബ്ദമായ മുന്നറിയിപ്പുകൾ പോലെ നിരന്തരം സൂചനകളുണ്ടാകും. പലരും അതൊന്നും ശ്രദ്ധിച്ചെന്ന് വരില്ല – ശ്രദ്ധിച്ചാലും കാര്യമായി എടുത്തെന്നും വരില്ല. യാദൃച്ഛികമായി മറ്റു ചിലർ ഗൗരവത്തോടെ കാണുമ്പോഴാണ് സ്ഥിതിമാറുന്നത്. അനുഭവങ്ങളുടെ വെളിച്ചത്തിൽ ഇവിടെ ദുരന്തങ്ങൾ വന്ന വഴിയും വരാവുന്ന വഴിയും തമ്മിൽ ഏറെ ദൂരമില്ല.

ഡിസംബർ 3. ഭോപ്പാൽ വിഷവാതകദുരന്തത്തിന് ഇരുപത്തിയേഴ് വർഷം പൂർത്തിയാവുന്നു. ലോകം കണ്ട ഏറ്റവും വലിയ വ്യാവസായിക ദുരന്തം. കൊന്നൊടുക്കിയവരും ദുരിതബാധിതരുമായ പതിനായിരങ്ങളുടെ മണ്ണിലേക്കുള്ള ആറാമത്തെ തീർഥാടനമാണിത്. ഓരോ തവണ വരുമ്പോഴും ഭോപ്പാൽ കൂടുതൽ സങ്കീർണമാവുകയാണ്. തീരാദുരിതങ്ങൾക്ക് ഒരവസാനമില്ലെന്ന് മരണത്തോട് മല്ലിടുന്ന പതിനായിരങ്ങൾ ഓർമിപ്പിക്കുന്നു. കാലം മായ്ക്കാത്ത മുറിവുകളില്ലെന്നാണ് പറയുന്നത്. എന്നാലിവിടെ ഭോപ്പാൽ വിഷവാതകദുരന്തം കാലത്തിന് തന്നെ മുറിവേൽപ്പിക്കുന്നു.

ഒന്നുമറിയാതെ പഴയ ഭോപ്പാൽ ചേരികളിലെ കുടിലുകളിൽ ഉറങ്ങിക്കിടന്ന പാവങ്ങൾ ഉണരാതെ പോയ രാത്രിയിൽ, വീഥികളിലെന്നോണം തലങ്ങും വിലങ്ങും കിടന്ന ശവങ്ങൾക്കിടയിലൂടെ മരവിച്ച മനസ്സുമായി ഒഴുകിനടന്നതൊക്കെ വീണ്ടും ഓർമയിലെത്തുന്നു – ഒരിക്കലും മറക്കാനാവാത്തവിധം മരണം വേതാളനൃത്തം ചവിട്ടിയ മണിക്കൂറുകൾ. നാലായിരത്തിന്നപ്പുറമെത്തിയ ഔദ്യോഗിക മരണക്കണക്കുകളുമായി ചോളാറോഡ് ശ്മശാനത്തിലെ കൂട്ടശവദാഹത്തിൽ ആയിരങ്ങളൊന്നിച്ച് വെന്തെരിയുന്നത് നോക്കിനിൽക്കുമ്പോൾ പതഞ്ഞുപൊന്തിയ ആത്മരോഷം അമേരിക്കൽ ബഹുരാഷ്ട്രകുത്തകകളായ യൂണിയൻ കാർബൈഡ് കമ്പനിയോടായിരുന്നു. എന്നാലിന്ന് ഒടുങ്ങാത്ത ദുരിതങ്ങളുമായി നരകിക്കുന്ന പതിനായിരങ്ങളെ കാണുമ്പോൾ കാർബൈഡ് ഏറ്റെടുത്ത ഡൗ കെമിക്കൽസിനോടൊപ്പം സംരക്ഷിക്കാൻ ബാധ്യതപ്പെട്ട തദ്ദേശഭരണകൂടങ്ങളും പ്രതിക്കൂട്ടിലെത്തുന്നു. കാർബൈഡ് ചെയർമാൻ വാറൻ ആൻഡേഴ്സനെ സ്വതന്ത്രനാക്കി കുത്തകകൾക്ക് കുടപിടിക്കുന്ന കേന്ദ്രഭരണകൂടം ജനാധിപത്യസംസ്കാരത്തിൻെറ ശപിക്കപ്പെട്ട അധ്യായമായി ചരിത്രത്തിൻെറ ചവറ്റുകുട്ടയിലേക്ക് നീങ്ങിക്കൂടായ്കയില്ല.

കാർബൈഡ് ഫാക്ടറിയുടെ അറുനൂറ്റിപ്പത്താം ടാങ്കിലെ നാല്പത്തിരണ്ട് ടൺ മീതൈൽ ഐസോസൈനേറ്റ് മിശ്രിതത്തിലേക്ക് ഇടവേളകളിൽ അല്പാല്പമായി വെള്ളം ചേരുമ്പോൾ ഉടക്കിനിന്ന സേഫ്റ്റി വാൾവുകൾ നൽകിയത് വരാനിരിക്കുന്ന വലിയ ദുരന്തത്തിൻെറ സൂചനകളായിരുന്നില്ലേ? ഒടുവിൽ സേഫ്റ്റി വാൾവുകൾ തകർത്തുകൊണ്ട് കുത്തിയൊഴുകിയ വെള്ളം ഇരുനൂറ് ഡിഗ്രി ചൂടിൽ വിഷവാതകമായി പുറത്തേക്കൊഴുകിയപ്പോൾ തൊട്ടടുത്ത കുടിലുകളിൽ ഉണരാതെ പോയവരോടൊപ്പം പാതിയുറക്കത്തിൽനിന്ന് ജീവനും കൊണ്ടോടുന്നതിനിടയിൽ വീഥികളിൽ വീണുമരിച്ച സ്ത്രീകളും കുട്ടികളും വേറെയും. ഔദ്യോഗിക കണക്കുകളനുസരിച്ച് ആദ്യ മണിക്കൂറിൽ മരിച്ച 3,787 പേർ മൂന്നു ദിവസത്തിനുള്ളിൽ പതിനായിരത്തോടടുത്തെത്തി. കാൽ നൂറ്റാണ്ട് കഴിഞ്ഞപ്പോൾ വാതകദുരന്തമരണങ്ങൾ അവിടെ നിന്ന് നാലിരട്ടി കവിഞ്ഞു. പിന്നെയും മരിച്ചിട്ടില്ലാത്ത പതിനായിരങ്ങളുടെ തീരാദുരിതങ്ങൾ തലമുറകളിലൂടെ പടരുന്നു – ചികിത്സതേടി ആസ്പത്രികളിലെത്തുന്ന പതിനായിരങ്ങളുടെ നിസ്സഹായാവസ്ഥയെ എത്രകാലം കണ്ടില്ലെന്ന് നടിക്കാനാവും?

നന്നേ രാവിലെത്തന്നെ പുറത്തിറങ്ങുമ്പോൾ ലക്ഷ്യം യൂണിയൻ കാർബൈഡ് ഫാക്ടറി തന്നെ. പുറത്ത് തണുപ്പ് കുറവാണ്. പരിചിതമായ വീഥികളിലൂടെ അപരിചിതമായ മനുഷ്യരെയും പിന്നിട്ടുകൊണ്ട് ബരിസിയ റോഡിലൂടെ നീങ്ങുമ്പോൾ മാറുന്ന ഭോപ്പാലിൻെറ മുഖം ശ്രദ്ധിക്കാതിരിക്കാനായില്ല. ഉറക്കം നടിച്ചു കിടക്കുന്ന ഈ തടാകനഗരം വാതകദുരന്തത്തെപ്പറ്റി ഓർക്കുന്നേയില്ല – എല്ലാവരും മറക്കാൻ ശ്രമിക്കുന്നതുപോലെ തോന്നി. ദുരന്തബാധിതരെല്ലാം ഇവിടെനിന്ന് ഒഴിഞ്ഞുപോയിരിക്കുന്നു.

പഴയ ദ്രവിച്ച കാർബൈഡ് ഫാക്ടറി കെട്ടിടവും കാമ്പസും കാടുപിടിച്ചു കിടക്കുന്നു. 'കാൽ നൂറ്റാണ്ടിൻെറ വഞ്ചന'യുടെ ചുവരെഴുത്തുകൾ മാഞ്ഞുതുടങ്ങിയിരിക്കുന്നു. പുതിയതൊന്നും എഴുതി വെക്കാൻ ആരും മിനക്കെട്ടിട്ടില്ല. ഫാക്ടറിക്ക് മുന്നിലെ രക്തസാക്ഷി സ്മാരകമായ അമ്മയുടെയും കുഞ്ഞിൻെറയും ശില്പം മാത്രം എല്ലാറ്റിനും സാക്ഷി. നഷ്ടപരിഹാരത്തിൻെറ മറവിൽ സമ്പന്നരായ വലിയ വിഭാഗമുണ്ട്. അച്ഛനുമമ്മയും ഭാര്യയും കുട്ടികളുമായി ആറുപേരെ നഷ്ടപ്പെട്ട കുടുംബത്തിലെ ഏക അവകാശിയായ യുവാവിന് അറുപത് ലക്ഷം കിട്ടിയപ്പോൾ പുതിയ ബിസിനസ്സ് തുടങ്ങി – അങ്ങനെ വാതകദുരന്തം മാറ്റിമറിച്ച ജീവിതങ്ങൾക്കിടയിൽ വാതകദുരന്തം ഒരു പ്രത്യേക പീഡിതവർഗത്തെയും സൃഷ്ടിച്ചിട്ടുണ്ട്. ദുരിതബാധിതരെ സഹായിക്കാൻ അവർ മാത്രമേയുള്ളൂവെന്ന ബോധം ശക്തിപ്രാപിച്ചുകഴിഞ്ഞു. ഒരു മതം പോലെ അവർ ഇഴപിരിയാത്ത കണ്ണികളായി മാറിയിരിക്കുകയാണ്. വാതകദുരന്തവും അത് വരുത്തിവെച്ച ദുരിതങ്ങളും തങ്ങളുടെതല്ലെന്ന് കരുതുന്ന വലിയൊരു വിഭാഗം ഇവിടെ വളർന്നുവന്നിരിക്കുന്നു. ദുരിതബാധിതർ പൊതുവേ സാധാരണക്കാരായതിനാൽ അവരെയാരും ഗൗനിക്കുന്നേയില്ല. അമേരിക്കൻ കമ്പനിയിൽ നിന്നുള്ള നഷ്ടപരിഹാരം വഴിതിരിച്ചുവിടാനുള്ള ശ്രമമാണ് ഉദ്യോഗസ്ഥരും രാഷ്ട്രീയക്കാരുമെല്ലാം നടത്തിയതെന്ന് അവർ മനസ്സിലാക്കിയപ്പോഴേക്കും ഏറെ വൈകി. അർഹരായവർക്ക് ഒന്നും കിട്ടിയില്ല. ജീവിക്കാനും ചികിത്സിക്കാനും വേണ്ടിയുള്ള പോരാട്ടത്തിലാണ് തങ്ങളുടേതല്ലെന്ന കാരണങ്ങളാൽ ദുരിതമനുഭവിക്കുന്നവരെല്ലാം.



**കാലം സാക്ഷി:** യൂണിയൻ കാർബൈഡ് ഫാക്ടറിക്ക് മുന്നിലെ അമ്മയും കുഞ്ഞും ശില്പം

അർബുദ രോഗികളായാലും വൃക്കരോഗികളായാലും ദിനംപ്രതിയെന്നോണം വർധിച്ചുവരികയാണ്. ഇവർക്ക് നിയമാനുസൃതം പ്രഖ്യാപിച്ച സഹായധനം നൽകാൻ കേന്ദ്രസർക്കാർ തയ്യാറാവുന്നില്ല. ഫലപ്രദമായ ചികിത്സ കിട്ടാത്ത ദുരിതബാധിതർ മരണത്തോട് മല്ലിടുന്നു. ജവാഹർലാൽ നെഹ്രു ഗ്യാസ് റിലീഫ് ആസ്പത്രിയിലായാലും കമലാ നെഹ്രു–ഹമീദിയ– നെഹ്രു കാൻസർ ആസ്പത്രികളിലായാലും ആവശ്യമായ മരുന്നില്ല. ഡോക്ടർമാരില്ല. പാരാമെഡിക്കൽ ജീവനക്കാർ പോലുമില്ല. വാതക ദുരിതബാധിതരെ ചികിത്സിക്കാൻ ഏറെ കൊട്ടിഗ്ഘോഷിച്ച് തുടങ്ങിയ ഭോപ്പാൽ മെമ്മോറിയൽ ഹോസ്പിറ്റലിലും സ്ഥിതിഗതികൾ ഇതിൽ നിന്നും വ്യത്യസ്തമല്ല. മനുഷ്യജീവൻ ഇത്രയേറെ ലാഘവത്തോടെ പന്താടുന്നത് കണ്ടുനിൽക്കാൻ തന്നെ കരളുറപ്പ് വേണം.

നഷ്ടപരിഹാരത്തിൻെറ കാര്യമാണ് ഏറെ പരിതാപകരം. കേന്ദ്ര സർക്കാർ ചോദിക്കുന്ന 120 കോടി ഡോളറിന് പകരം 820 കോടി ഡോളർ ആവശ്യപ്പെടണമെന്നാണ് ദുരിതബാധിതരുടെ സംഘടനകളുടെ ആവശ്യം. കുടുംബം മുഴുവൻ മരിച്ചവരുണ്ട്. എത്രയോ കുട്ടികൾ അനാഥരായി. മരിച്ചതിനൊക്കുമേ ജീവിച്ചിരിക്കുന്നതെന്ന നിലയിൽ കഴിയുന്നവർക്ക് ജോലി ചെയ്യാനാവുന്നില്ല. കിട്ടിയ നഷ്ടപരിഹാരം മുഴുവൻ ചെലവഴിച്ചുകഴിഞ്ഞ അവരൊക്കെ ചികിത്സയ്ക്കും നിത്യവൃത്തിക്കുമെല്ലാം ഗതിമുട്ടിനിൽക്കുന്നു. വിഷവാതകമേറ്റവർക്കുതന്നെ തോന്നിയപോലെയാണ് നഷ്ടപരിഹാരം നൽകിയിട്ടുള്ളത്. അർഹമായ നഷ്ടപരിഹാരത്തിന് ഡൗ കെമിക്കൽസിൽ സമ്മർദം ചെലുത്താനാണ് അവരുടെ ഒളിമ്പിക് ഗെയിംസ് സ്പോൺസർഷിപ്പിന് ഉപരോധം പ്രഖ്യാപിച്ചിട്ടുള്ളത്. മരിച്ചവരുടെയും ദുരിതബാധിതരുടെയും ശരിയായ കണക്കുകൾ പ്രഖ്യാപിച്ച് അർഹമായ നഷ്ടപരിഹാരം ഉറപ്പുവരുത്തുന്നതിന് 'റെയിൽ രോക്കോ' പ്രക്ഷോഭത്തിലൂടെ കേന്ദ്രസർക്കാറിനെയും പ്രതിക്കൂട്ടിലാക്കുന്നു.

ഭോപ്പാൽ വല്ലാതെ മാറിപ്പോയി, ഉറങ്ങുകയാണെന്ന് തോന്നുമ്പോഴും ഉള്ളിൽ നീറുകയാണ്. വാതകദുരന്തം മരണങ്ങൾക്കും ദുരിതങ്ങൾക്കുമപ്പുറം മനുഷ്യമനഃസാക്ഷിയെ ഇളക്കിമറിക്കുന്ന സാമൂഹികപ്രശ്നമായി വളരുകയാണ്. ഇങ്ങനെപോയാൽ കാര്യങ്ങൾ എവിടെ ചെന്നെത്തുമെന്ന് സാമൂഹിക ശാസ്ത്രജ്ഞർ വിലയിരുത്തേണ്ട സമയമായെന്ന് തോന്നുന്നു. എണ്ണിയാലൊടുങ്ങാത്ത അനാഥക്കുട്ടികളും വിധവകളും സമാന്തരമായി വളരുന്നു. ആരും വിവാഹം കഴിക്കാൻ സന്നദ്ധരാകുന്നില്ല. അഥവാ മുതിരുന്നില്ല. ഗർഭമുണ്ടാകുന്നില്ല. ഗർഭമുണ്ടായാൽത്തന്നെ അലസിപ്പോവുന്നു. ഇനി പ്രസവിച്ചാൽത്തന്നെ വൈകല്യമുള്ള കുഞ്ഞുങ്ങൾ. ചുണ്ടും കണ്ണും മൂക്കുമില്ലാത്തവർ, വലിയ തലയുള്ളവർ. മനോരോഗികൾ പെരുകുന്നു. വാതക ദുരന്തബാധിതരുടെ പിൻതലമുറയിൽപ്പെട്ട ഇവർക്കൊന്നും ചികിത്സയോ സഹായധനത്തിനോ അർഹതയില്ല. നരകയാതന മാത്രം ഇവരുടെ കൈമുതൽ. യൂണിയൻ കാർബൈഡ് ഫാക്ടറി കാമ്പസിൽ കുഴിച്ചിട്ട 200 ടൺ വിഷമാലിന്യശേഖരത്തിൽ നിന്ന് വെള്ളത്തിൽ കലരുന്ന രാസപദാർഥങ്ങൾ കാൻസറിനും മസ്തിഷ്ക ശോഷണത്തിനും വഴിവെക്കുമെന്ന ഗ്രീൻ പീസ് ഇൻറർനാഷണലിൻെറ പഠനം ആരും ഗൗനിക്കുന്നില്ല. ഇവിടെ നിന്നുള്ള കുടിവെള്ളം കഴിക്കുന്നവർ രോഗവിമുക്തരായാൽ മാത്രമേ അത്ഭുതമുള്ളൂ. അതുകൊണ്ടുതന്നെ ചികിത്സയ്ക്കൊപ്പം സാമ്പത്തിക പുനരധിവാസവും ഇവിടത്തെ ചെറുപ്പക്കാരുടെ അവകാശമായി മാറുന്നു.

> **കാലം മായ്ക്കാത്ത മുറിവുകളില്ലെന്നാണ് പറയുന്നത്. എന്നാൽ, ഇരുപത്തിയേഴാം വർഷത്തിലും സങ്കീർണമാവുന്ന ഭോപ്പാൽ ദുരന്തം കാലത്തിനുതന്നെ മുറിവേൽപ്പിക്കുന്നു**

ദുരന്തഭൂമിയിലെത്തുമ്പോൾ അബ്ദുൽ ജബ്ബാർ എന്ന ജബ്ബാർ ഭായിയെ കാണാതെ മടങ്ങാനാവില്ല. ദുരിതബാധിതരുടെ കാണപ്പെട്ട ദൈവം. ഭോപ്പാലിനെ പുറംലോകത്തിന് പരിചയപ്പെടുത്തുന്ന ഡോ. സതീനാഥ് സാരംഗിയും ഫോറൻസിക് വിദഗ്ധനായ ഡോ. സി.കെ. സത്പതിയുമെല്ലാം ദുരിതബാധിതരോടൊപ്പമുണ്ട്. അവർ പോരാളികളാണ്. തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ എത്തിപ്പെട്ട വഴിത്തിരിവിൽ പ്രതീക്ഷകളുടെ ദീപവുമായി അവർ മുമ്പേ നടക്കുന്നു.

ഡി.ഐ.ജി. ബംഗ്ലാവ് റോഡിലൂടെ ചോള ശ്മശാനത്തിലെത്തുമ്പോൾ ഏറെ വൈകി. കൂറ്റൻ അശോക മരങ്ങളുടെ നിഴലുകൾ പതിഞ്ഞുകിടന്ന ശ്മശാനത്തിൽ ഒറ്റപ്പെട്ട ശവദാഹം നടക്കുന്നുണ്ട്. ദുരന്തത്തിനിരയായ ആയിരങ്ങളെ സംസ്കരിച്ച ശിവചരൺ ദൗൾ പുരിയയെ കാണാനാണ് നാം ഇവിടെ വരുന്നത്. മൂന്ന് തലമുറകളായി ഇവിടെ ശവദാഹം നടത്തുന്ന കുടുംബങ്ങളിലെ ശിവചരണിനെ ആദ്യം കണ്ടത് മുതൽ 'കാലത്തിൻെറ സാക്ഷി' എന്ന് വിളിക്കുന്നു. രണ്ടുകൊല്ലം മുമ്പേ കണ്ടപ്പോൾ ''ഞാനിനി മരിക്കുന്നതും ഇവിടെ തന്നെയാകണം, അല്ലെങ്കിൽ എൻെറ ആത്മാവിന് സ്വസ്ഥത കിട്ടില്ലെ''ന്ന് പറഞ്ഞ ശിവചരണെവിടെ? കാണുന്നില്ല, അയാളെ കാത്തിരുന്നു.

ഇരുപത്തിരണ്ട് കൊല്ലം മുമ്പ് ആറാം വാർഷിക വേളയിൽ ഇവിടെ സംസ്കരിച്ച ആയിരങ്ങളുടെ ഓർമയ്ക്കായി സ്ഥാപിച്ച 'സ്മൃതി ഉദ്യാന'ത്തിലെ സിമൻറ് ബെഞ്ചിൽ വെറുതെയിരുന്നു. ഒടുവിൽ സമയം പോയതറിഞ്ഞില്ല. പുറത്ത് ഇരുട്ട് പരക്കുകയാണ്. ദൂരെ ചിതയിലെ തീയണഞ്ഞുതുടങ്ങി. ശിവചരൺദൗൾ പുരിയ മാത്രം വന്നില്ല. ഇനി കാത്തുനിന്നിട്ട് കാര്യമില്ലെന്ന് തോന്നി. നിരാശയോടെ തെരുവുവിളക്കുകളുടെ പ്രകാശത്തിലേക്ക്.

◆ ◆ ◆

ഓരോ തവണ വരുമ്പോഴും മനസ്സിൽ ദുഃഖവും അമർഷവും നിരാശയും നിറയുന്നു. വാതക ദുരന്തബാധിതരുടെ ഒടുങ്ങാത്ത ദുരിതങ്ങളും തേടിയുള്ള മറ്റൊരു യാത്രയ്ക്ക് ഇനി അർഥമില്ലെന്ന് കഴിഞ്ഞതവണ വന്നപ്പോൾ തോന്നിയിരുന്നതാണ്. എൻെറ മനസ്സിലെ 'ശവങ്ങളുടെ നഗര'മായി ഭോപ്പാലിനോട് വിടപറയാൻ സമയം ബാക്കി കിടക്കുന്നുവെന്നാണ് ഇപ്പോൾ തോന്നുന്നത്. ഇനിയും വരും. വരാതിരിക്കില്ല. തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ ജീവിതം ഹോമിച്ചവരുടെയും ജീവൻ നിലനിർത്താൻ പൊരുതുന്നവരുടെയും മണ്ണിലേക്ക് തിരിച്ചുവരാനാവുന്നത് തന്നെ സുകൃതം. ●